94 (1003) ഇലക്ട്രിസിറ്റി ഡിവിഷനുകളുടെ പരിധി പ്രദേശങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് നടപടി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തന സൗകര്യങ്ങളും ഉപഭോക്താക്കളുടെ സൗകര്യവും കണക്കിലെടുത്ത് ഇത് നിലവിലുള്ള ഇലക്ട്രിസിറ്റി ഡിവിഷനുകളുടെ പരിധി പുതുക്കി നിശ്ചയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ചേർപ്പ് നിയോജകമണ്ഡലത്തിലെ കൂർക്കാഞ്ചേരി, വല്ലച്ചിറ, പാറളം, ചേർപ്പ്, ആവിണിശ്ശേരി, വാഴൂർ, താന്ന്യം ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങൾ തൃശ്ശൂർ, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ ഡിവിഷനുകളുടെ പരിധിയിൽപ്പെടുന്നത് ഈ പ്രദേശത്തുള്ള ഉപഭോക്താക്കൾക്ക് വളരെ അസൗകര്യമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രദേശങ്ങൾ ഒരു ഡിവിഷന്റെ കീഴിൽ കൊണ്ടു വരാൻ നടപടി സ്വീകരിക്കുമോ;

(സി) കാർഷിക പ്രാധാന്യമുള്ള പ്രദേശമായ ചേർപ്പിൽ പുതിയൊരു ഇലക്ട്രിക്കൽ ഡിവിഷൻ തുടങ്ങുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ബി&സി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വൈദ്യുതനിലയം നടപ്പിലാക്കി കഴിഞ്ഞു മാത്രമേ വൈദ്യുതി ബോർഡ് ഇനി പുതിയ ഓഫീസുകൾ തുടങ്ങുന്നതു സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നുള്ളൂ.

95 (1004) വോൾട്ടേജ് ക്ഷാമം

ശ്രീ. പി. രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സംസ്ഥാനത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ എത്ര എണ്ണം സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) 2000 മാർച്ച് 31-ന് മുൻപ് എത്ര ട്രാൻസ്ഫോമറുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 2566 എണ്ണം.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെകൊടുക്കുന്നു.

തിരുവനന്തപുരം	- 319
കൊല്ലം	- 249
പത്തനംതിട്ട	- 126
കോട്ടയം	- 164

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ	- 296
ഇടുക്കി	- 38
എറണാകുളം	- 281
തൃശ്ശൂർ	- 361
പാലക്കാട്	- 120
മലപ്പുറം	- 169
വയനാട്	- 22
കോഴിക്കോട്	- 154
കണ്ണൂർ	- 138
കാസർഗോഡ്	- 110
ആകെ	- 2566

(സി) 110 എണ്ണം

(ഡി) ഈ സാമ്പത്തിക വർഷം ആകെ 1200 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

96 (1005) നിലവിലുള്ള പവർകട്ട്

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി.ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പവർകട്ട് പൂർണ്ണമായും ഒഴിവാക്കാൻ എന്നത്തേയ്ക്ക് സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) റംസാൻ വ്രതാനുഷ്ഠാന കാലത്ത് ലോഡ്ഷെഡിംഗിൽ അയവു വരുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ പവർകട്ട് നിലവിലില്ല.

(ബി) ലോഡ്ഷെഡിംഗിൽ മുൻ കൊല്ലങ്ങളിൽ ചെയ്തതുപോലെ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 8-12-99 മുതൽ 10-12-1999 വരെ മാത്രം വൈകുന്നേരം 6 മണി മുതൽ 6.30 വരെയും; 11-12-99 മുതൽ 6-1-2000 വരെ വൈകുന്നേരം 6.30 മുതൽ 7 വരെയും ലോഡ് ഷെഡിംഗ് ഒഴിവാക്കിയിട്ടുണ്ട്. 7-1-2000, 8-1-2000 എന്നീ തീയതികളിൽ ലോഡ് ഷെഡിംഗ് ഉണ്ടായിരിക്കുന്നതുമല്ല.

97 (1006) വൈദ്യുതി ബോർഡിന്റെ വരുമാനം

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഒരു വർഷത്തെ ആകെ വരുമാനം എത്രയായിരുന്നു; ഇപ്പോൾ എത്രയാണ്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് തൊട്ടു മുൻപ് വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥന്മാർക്കുവേണ്ടി ഒരു വർഷം ശമ്പളം,

LIBRARY ARCHIVES Kerala Legislative Assembly